വനാവകാശ നിയമം

276 (3098) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനാവകാശനിയമം ഉടൻ നടപ്പാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിയമം സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിയമം നടപ്പാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. അതിൻപ്രകാരം ഡിസംബർ 2015-നകം മുഴുവൻ കൈവശരേഖകളും നൽകേണ്ടതാണെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) വനാവകാശ നിയമം നടപ്പാക്കുന്നതിനായി ഗ്രാമതലത്തിൽ ഊരുകൂട്ടങ്ങളും (വനാവകാശ കമ്മിറ്റി) സബ് ഡിവിഷൻതല കമ്മിറ്റി, ജില്ലാതല കമ്മിറ്റി എന്നിവയും രൂപീകരിച്ച് നടപടി നടത്തിവരുന്നു. സംസ്ഥാനത്ത് വ്യക്തിഗത അവകാശം, വികസന അവകാശം എന്നിവയ്ക്ക് ലഭ്യമായ ഭൂരിഭാഗം അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് ജില്ലാ ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പരിശീലന പരിപാടികളിൽ വനാവകാശം നടപ്പാക്കുന്നതിനുള്ള തുടർ പരിശീലനങ്ങൾ നടത്തിവരുന്നു. ജില്ലാ മേധാവിമാരുടെ യോഗങ്ങളിലും വനം, റവന്യൂ, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകളുടെ സംയുക്ത യോഗങ്ങളിലും പുരോഗതി വിലയിരുത്തിവരുന്നുണ്ട്.

(സി) ഭൂമിയുടെ സർവ്വേ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള താമസം, സ്കെച്ചുകൾ തയ്യാറാക്കുന്നതിലുള്ള കാലതാമസം, പ്രാദേശികമായ ചില തർക്കങ്ങൾ എന്നിവ കാരണമാണ് പ്രസ്തുത നിയമം നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly